بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 22.05.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*22.05.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നമ്മുടെ ജമാഅത്തിലെ ഓരോ വ്യക്തിയും ദീനിന്റെജോലി താൻതന്നെ ചെയ്യുമെന്ന് പ്രതിജ്ഞ എടുക്കേണ്ടതാണ്. ഈ പ്രതിജ്ഞയ്ക്കുശേഷം അവരുടെ ഉള്ളിൽ ഉണർവ്വുണ്ടാകുന്നതാണ്. എല്ലാ പ്രയാസങ്ങളും അവർക്ക് എളുപ്പമുള്ളതായിത്തീരുന്നതാണ്. എല്ലാ ഞെരുക്കവും അവർക്ക് സൗഖ്യമായി മാറുന്നതാണ്. അവർക്ക് ചില ബുദ്ധിമുട്ടുകളും വിഷമങ്ങളും ദുരിതങ്ങളും ഉണ്ടാകുമെന്നത് ശരിതന്നെ. എന്നാൽ, അവർ അതിലെല്ലാം സുഖം അനുഭവിക്കുന്നതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്‌റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് സൂറ ഹുജുറാത്തിലെ 13-ാമത്തെ വചനം തിലാവത്തുചെയ്തുകൊണ്ടാണ് ഖുത്ബയ്ക്കു തുടക്കം കുറിച്ചത്.

**യാ അയ്യുഹല്ലദീന ആമനൂജ്തനിബൂ കഥീറമ്മിനള്ളന്നി ഇന്ന ബഅ്ളള്ളന്നി ഇഥ്മുൻ** വിശ്വസിച്ചവരേ! ഊഹങ്ങളിൽ അധികവും നിങ്ങളൊഴിവാക്കുവിൻ. തീർച്ചയായും ചില ഊഹങ്ങൾ പാപങ്ങളാകുന്നു.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ഒരിടത്തു പറയുന്നു: "മനുഷ്യൻ ദുർധാരണകളോടും സംശയങ്ങളോടുംകൂടി പ്രവർത്തിക്കുമ്പോഴാണ് കുഴപ്പങ്ങൾ ഉണ്ടാകുന്നത്. സൽഭാവനകൾവെച്ചു പുലർത്തുകയാണെങ്കിൽ എന്തെങ്കിലും കൊടുക്കാനുള്ള തൗഫീഖ് ലഭിക്കുന്നു. ആദ്യ ഘട്ടത്തിൽത്തന്നെ തെറ്റു ചെയ്താൽ പിന്നീട് ലക്ഷ്യസ്ഥാനത്ത് എത്തുക ദുഷ്കരമാണ്. ദുർധാരണ വളരെ മോശമായ കാര്യമാണ്. മനുഷ്യനെ ഒരുപാട് സൽകർമങ്ങളിൽനിന്ന് അത് തടയുന്നു. അതു വളർന്ന് വളർന്ന് എത്രത്തോളമാകുന്നുവെന്നാൽ അവൻ അല്ലാഹുവിനെക്കുറിച്ചും ദുർധാരണവച്ചു പുലർത്താൻ തുടങ്ങുന്നു." മറ്റൊരിടത്ത് അവിടന്ന് പറഞ്ഞു: 'ആന്തരികമായിട്ട് നമുക്ക് നിയന്ത്രിക്കാൻ പറ്റുകയില്ല. അതായത് ആരുടെയെങ്കിലും മനസ്സുവരെ നമുക്കെത്താൻ കഴിയുകയില്ല. അതിനെ കൈകാര്യംചെയ്യുക പാപമാണ്. മനുഷ്യൻ ഒരാളെ ദുഷ്ചിന്തകനായിട്ട് കരുതുന്നു. പിന്നീട് അവൻ സ്വയം അതിനെക്കാൾ മോശപ്പെട്ടവനായിത്തീരുന്നു. പെട്ടെന്ന് ദുർധാരണ നടത്തുക എന്നത് നല്ലതല്ല. ദുർധാരണ, അത് പെട്ടെന്ന് ചെയ്യുന്നത് നല്ലതാകുകയില്ല. മനുഷ്യസൃഷ്ടികളുടെമേലുള്ള കൈകാര്യത വളരെ ലോലമായ കാര്യമാണ്. അതായത് ആളുകളുടെ മനസ്സും താനറിയുന്നു എന്നുള്ള ചിന്ത വളരെ ബോധപൂർവമായ കാര്യമാണ്. വളരെ ലോലമായ കാര്യമാണ്. എന്തുകൊണ്ടാണ് അത് ബോധപൂർവവും ലോലവും ആകുന്നത്? പറഞ്ഞു: അത് ഒരുപാട് ജനതകളെ നശിപ്പിക്കുകയുണ്ടായി. അതായത് അവർ നബിമാരുടേയും അവരുടെ കുടുംബാദികളുടേയും മേൽ ദുർധാരണകൾ വെച്ചു പുലർത്തി. ആദ്യം പറഞ്ഞതുപോലെ പിന്നീട് അല്ലാഹുവിനെക്കുറിച്ചും ദുർധാരണകൾ വെച്ചുപുലർത്താൻ തുടങ്ങി.

അത്തരം ദുർധാരണകൾവച്ചു പുലർത്തുന്നവരെക്കുറിച്ച് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: അദ്ദേഹം ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ചിലസംഭവങ്ങൾ വിശദീകരിക്കുകയായിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ആളുകൾ നബിമാരുടേയും അഹ്‌ലുബയ്ത്തിന്റേയുമേൽ ദുർധാരണകൾവെച്ചു പുലർത്തി. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് തന്റെ കാലഘട്ടത്തിൽ ഇത് ഏറ്റവും അധികം നേരിടേണ്ടിവന്നു. ഒരിടത്ത് അവിടന്ന് പറയുന്നു: എന്നെ അല്ലാഹു ഖലീഫയാക്കി. അവൻതന്നെ തന്റെ തുണയും സഹായവും എന്നോടൊപ്പം നിലനിറുത്തി. അല്ലാഹു എപ്പോഴും ആകാശത്തുനിന്ന് എന്റെ സഹായത്തിനായി മലക്കുകളെ ഇറക്കി എന്ന കാര്യം നിഷേധിക്കാൻ ഒരു കുരുടനും ജന്മനാഅന്ധനുമായിട്ടുള്ളവനുമല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. നിങ്ങൾ ഇപ്പോഴും ആക്ഷേപിച്ചുനോക്കുക. അപ്പോൾ ആ ആക്ഷേപങ്ങൾക്കുണ്ടാകുന്ന ഫലമെന്തായിരിക്കുമെന്ന് നിങ്ങൾക്കു മനസ്സിലാകും. ഇത്തരം ആക്ഷേപങ്ങൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെതിരിലും ഉന്നയിക്കപ്പെട്ടിരുന്നു. ഒരിക്കൽ ആരോ അത്തരം ആക്ഷേപം ഉന്നയിച്ചപ്പോൾ അവിടന്ന് പറഞ്ഞു: അതായത് 'ചന്ദ കൊടുക്കുന്നതിനെക്കുറിച്ച്, ഭാവിയിൽ ജമാഅത്തിനുവേണ്ടി ഒരു അണപോലും അയക്കുന്നത് നിങ്ങൾക്ക് ഹറാമാണ്. എന്നിട്ട് നോക്കുക അല്ലാഹുവിന്റെ ജമാഅത്തിന് എന്തു നഷ്ടമാണ് അതുകൊണ്ടുണ്ടാകുന്നതെന്ന്.' പറഞ്ഞു, ഞാനും അത്തരക്കാരോട് അതേ രീതിയിൽ പറയുന്നു: 'തെറ്റായ നിലയിൽ പണം ചെലവഴിക്കുന്നു, ഖലീഫ അത് തെറ്റായ രീതിയിൽ ചെലവഴിക്കുന്നു' എന്ന് പറഞ്ഞ് ആക്ഷേപിക്കുന്നവർക്ക് ഇനി ജമാഅത്തിനെ സഹായിക്കാൻവേണ്ടി ഒരു പൈസപോലും കൊടുക്കൽ ഹറാമാണ്. കഠിനമായ പദങ്ങൾ ഉപയോഗിക്കുക എന്നത് എന്റെ ശീലമല്ലെങ്കിലും ഞാൻ പറയുന്നു: നിങ്ങളിൽ അല്പമെങ്കിലും മാന്യത ബാക്കിയുണ്ടെങ്കിൽ ഇതിനു ശേഷം ഒരു ചില്ലിക്കാശുപോലും ജമാഅത്തിനു കൊടുക്കാതിരിക്കുക. എന്നിട്ടു നോക്കുക ജമാഅത്തിന്റെ ജോലി നടക്കുന്നുണ്ടോ എന്ന്. അല്ലാഹു അദൃശ്യത്തിൽനിന്ന് എന്നെ സഹായിക്കാനുള്ള സാഹചര്യമുണ്ടാക്കുന്നതാണ്. ആത്മാർഥരായ ആളുകൾക്ക് ഇൽഹാം ഇറക്കുന്നതാണ്. അവർ ജമാഅത്തിനുവേണ്ടി തങ്ങളുടെ മുതലുകൾ ചെലവഴിക്കുന്നത് അന്തസ്സായി മനസ്സിലാക്കും. എനിക്കോർമയുണ്ട്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ തോട്ടത്തിൽപ്പോയി. ആ മഹാത്മാവ് പറഞ്ഞു: 'എനിക്കിവിടെ വെള്ളികൊണ്ടു നിർമിത

മായ ഖബ്‌റുകൾ കാണിക്കപ്പെട്ടു. ഒരു മലക്ക് എന്നോടു പറയുന്നു, ഇത് നിന്റേയും നിന്റെ അഹ്‌ലുബയ്ത്തിന്റേയും ഖബ്‌റുകളാണ്.' ഇക്കാരണത്താലാണ്, ആ ഖണ്ഡം അവിടത്തേക്കും അവിടത്തെ കുടുംബത്തിനുംവേണ്ടി പ്രത്യേകമാക്കപ്പെട്ടത്. സ്വപ്നം ഈ വിധത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിലും എനിക്കോർമയുണ്ട്, അവിടന്ന് ഈ രീതീയിലാണ് പറഞ്ഞത്. അങ്ങനെ അല്ലാഹു ഞങ്ങളുടെ ഖബ്‌റും വെള്ളിയാക്കി കാണിച്ചു. ജനങ്ങളോടു പറഞ്ഞു, 'ഇയാൾ ഇയാളുടെ ജീവിതത്തിൽ ജനങ്ങളുടെ പണം തിന്നുവെന്ന്' നിങ്ങൾ പറയുന്നു. നാം അദ്ദേഹത്തിന്റെ മരണശേഷവും ജനങ്ങൾക്ക് അദ്ദേഹം മുഖേന അനുഗ്രഹം എത്തിക്കുന്നതാണ്. അതായത് അല്ലാഹു പറയുന്നു, നാം അനുഗ്രഹം എത്തിക്കുന്നതാണ്. അല്ലാഹു ഞങ്ങളുടെ മണ്ണിനേയും വെള്ളിയാക്കുന്നു. നിങ്ങളാണെങ്കിൽ ആക്ഷേപം ഉന്നയിച്ച് നിങ്ങളുടെ വെള്ളിയേയും മണ്ണാക്കുന്നു.

എന്തായാലും ഞാൻ പറഞ്ഞു, അത്തരക്കാർ എക്കാലത്തും ഉണ്ടാകാറുണ്ട്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും ഈ ആക്ഷേപം ആ മഹാത്മാവിനുമേൽ ഉണ്ടായി. ഇതു സംബന്ധമായി ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നമ്മളിൽനിന്ന് വേർപെട്ടുപോയവരിൽ സഹോദരന്മാരെക്കുറിച്ച് ദുർധാരണവച്ചു പുലർത്തുന്ന ശീലമുണ്ടായിരുന്നു. അതിന്റെ ഫലമായി അവർ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) തന്റെ വ്യക്തിഗതമായ നേട്ടങ്ങൾക്കായി ജമാഅത്തിന്റെ പണം ചെലവഴിക്കുന്നുവെന്ന് പറഞ്ഞു. ഹദ്‌റത്ത് സാഹിബിന് അവസാന കാലത്താണ് ഇത് മനസ്സിലായത്. അവിടന്ന് എന്നോടു (അതായത് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദിനോട്) പറഞ്ഞു, ലങ്കറിനുവേണ്ടി വരുന്ന സഹായധനം ഞാൻ എന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നുവെന്നാണ് ഇക്കൂട്ടർ ധരിക്കുന്നത്. എന്നാൽ, എനിക്കുവേണ്ടി ജനങ്ങൾ കൊണ്ടുവരുന്ന പണത്തിൽ നിന്നുപോലും ഞാൻ ലങ്കറിനുവേണ്ടി ചെലവഴിക്കുന്നുവെന്ന കാര്യം ഇവർ അറിയുന്നില്ല. ഇപ്പോൾ ജമാഅത്തിനുണ്ടായിരിക്കുന്ന ഈ ഐശ്വര്യവും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടേയും അല്ലാഹുവിന്റെ വാഗ്ദാനങ്ങളുടേയും ഫലമാണ്. ഇത് ആരുടേയും വ്യക്തിപരമായ ശ്രമമല്ല. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ലങ്കറും ലോകത്തിലെ എല്ലാ രാജ്യത്തും നടന്നു വരുന്നു.

അല്ലാഹു തന്റെ നബിയെ ലോകത്ത് അയക്കുന്നത് ലോകത്തുണ്ടാകാൻ തുടങ്ങിയിട്ടുള്ള ആത്മീയാധഃപതനം ഇല്ലാതാക്കാൻവേണ്ടിയാണ്. ആത്മീയമായ നിലയിൽ അത് പരിഷ്കരിക്കുക. നബിമാരെ വിശ്വസിക്കുന്നവരുടെ അംഗസംഖ്യ വർധിക്കാൻ തുടങ്ങുന്നു. അവരെ വിശ്വസിക്കുന്നവർക്ക് ആത്മായാഭിവൃദ്ധിക്കൊപ്പം ഭൗതിക അഭിവൃദ്ധികളും ലഭിക്കുന്നു. പക്ഷേ, ഭൗതികവും ലൗകികവുമായ അഭിവൃദ്ധികളുടെ നിലവാരം നബിയുടെ ജീവിതത്തിനുശേഷം വളരെ വർധിക്കുന്നു. ആത്മീയ അഭിവൃദ്ധിയുടെ അടിസ്ഥാനത്തിൽ നബിയുടെ കാലഘട്ടത്തിൽ ഉണ്ടാകുന്ന ആ സ്ഥാനം പിന്നീട് വരുന്ന കാലഘട്ടം ഉൾക്കൊള്ളുകയില്ല. പറയുന്നു: 'നബിയുടെ വഫാത്തിനുശേഷം ഉടനെത്തന്നെ ആത്മീയാടിസ്ഥനത്തിൽ രാവിന്റെ കാലഘട്ടം ആരംഭിക്കാൻ തുടങ്ങുന്നു. പക്ഷേ, ഭൗതികാടിസ്ഥാനത്തിൽ നബിയുടെ വേർപാട് പ്രഭാതോദയത്തിന് തെളിവാകുന്നു. പെട്ടെന്നുതന്നെ സൂര്യോദയം അതായത് ബാഹ്യമായ വിജയങ്ങളുടെ ദൃശ്യങ്ങൾ കാണാൻ തുടങ്ങുന്നു. അങ്ങനെതന്നെയാണ് നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലും സംഭവിച്ചത്. അങ്ങനെയാണ് മൂസായുടേയും ഈസായുടേയും കാലഘട്ടത്തിലുണ്ടായത്. അതുപോലെതന്നെ ഇപ്പോൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും സംഭവിച്ചു. ഒരു ദിവസം ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ഞങ്ങളുടെ മാതാവിനോടു പറഞ്ഞു:'ഇപ്പോൾ പണത്തിന്റെ ഒരു ലക്ഷണവും കാണുന്നില്ല. ഒരുപാട് ചെലവുകൾ ഉണ്ടാകാനും തുടങ്ങിയിരിക്കുന്നു. ആരോടെങ്കിലും കടം വാങ്ങിയാലോ എന്നാണ് ഞാൻ ചിന്തിക്കുന്നത്. കുറച്ചു കഴിഞ്ഞ് അവിടന്ന് ളുഹ്ർ നമസ്കരിക്കാൻപോയി. തിരിച്ചു വരുമ്പോൾ അവിടന്ന് പുഞ്ചിരിക്കുന്നുണ്ടായിരുന്നു. ഉമ്മയോടു പറഞ്ഞു, മനുഷ്യൻ തുടർച്ചയായി അല്ലാഹുവിന്റെ അടയാളങ്ങൾ കണ്ടുകൊണ്ടിരുന്നാലും ചിലപ്പോൾ ദുർധാരണയോടെ പെരുമാറാറുണ്ട്. ലങ്കറിന്റെ ചെലവിന് പണമില്ല അതുകൊണ്ട് എവിടെനിന്നെങ്കിലും കടംവാങ്ങേണ്ടി വരുമെന്ന് ഞാൻ കരുതി. എന്നാൽ, ഞാൻ നമസ്കരിക്കാൻ പോയപ്പോൾ അഴുക്കുപുരണ്ട വസ്തം ധരിച്ച ഒരാൾ മുന്നോട്ടുവന്ന് ഒരു ചെറിയ കെട്ട് എന്റെ കൈയിൽത്തന്നു. ഞാൻ അയാളുടെ അവസ്ഥ കണ്ടിട്ട് ധരിച്ചത് അതിൽകുറച്ച് പൈസയായിരിക്കും ഉണ്ടാകുക എന്നാണ്. കാരണം അതിന് നല്ല ഭാരമുണ്ടായിരുന്നു. കോയിൻകാരണത്താലായിരിക്കും ഭാരമെന്ന് കരുതി. എന്നാൽ, വീട്ടിൽ വന്ന് അത് തുറന്നപ്പോൾ അതിൽ നൂറുക്കണക്കിന് രൂപയുണ്ടായിരുന്നു.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കൾക്കുണ്ടായിരുന്ന പ്രേമം വരച്ചുകാണിച്ചുകൊണ്ട് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടിട്ടുള്ളവർക്ക് ആ മഹാത്മാവിനോടുണ്ടായിരുന്ന സ്നേഹം പിന്നീട് വന്നിട്ടുള്ളവർക്ക് ഊഹിക്കാൻ കഴിയുകയില്ല. പക്ഷേ, എന്റെ പ്രായം അന്നു വളരെ ചെറുതായിരുന്നു, എനിക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ അത്ര പ്രാപ്തി ഉണ്ടായിരുന്നില്ല. എന്നാൽ, അല്ലാഹു എനിക്ക് ഒരു മനസ്സുതന്നിരുന്നു. അതുകൊണ്ട് അത്തരം കാര്യങ്ങളിലേക്ക് ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഞാൻ ഹദ്‌റത്ത് മസീഹ് മൗഊദിന്റെ സുഹബത്തിലിരുന്നവരുടെ ആ മഹാത്മാവിനോടുള്ള സ്നേഹം കണക്കുകൂട്ടി. ഞാൻ വർഷങ്ങളോളം അവരെ സംബന്ധിച്ച് കണ്ടത് അവർക്ക് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ വേർപാട് കാരണത്താൽ അവരുടെ ജീവിതത്തിൽ ഒരു രസാനുഭവവും ഉണ്ടായിരുന്നില്ല എന്നാണ്. ലോകത്തെ ഒരു തിളക്കവും അവർക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വൽ(റ)ഒറ്റയ്ക്കായിരിക്കുമ്പോൾ എന്നോടു പറഞ്ഞിട്ടുണ്ട്, 'മിയാൻ ഹദ്‌റത്ത് സാഹിബ് വഫാത്തായതുമുതൽ എനിക്ക് എന്റെ ശരീരം ശൂന്യമായതുപോലെ തോന്നുന്നു. ലോകം ശൂന്യമായിട്ടാണ് കാണുന്നത്.'

ഒരിടത്ത് ഉദ്യോഗസ്ഥന്മാരെ ഉപദേശിച്ചുകൊണ്ട് പ്രത്യേകിച്ചും വിലക്കയറ്റവും ദാരിദ്ര്യവുമുള്ള രാജ്യങ്ങളിലെ ഉദ്യോഗസ്ഥന്മാരെ ഉപദേശിച്ചുകൊണ്ട് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊ

ദ്(റ) പറഞ്ഞു, അഞ്ചുമനെ നോക്കുന്നതിനുപകരം അല്ലാഹുവിനോട് ചോദിക്കുക. ഇതുപറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ചെറിയ കാര്യത്തിന്റെ ഉദാഹരണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നല്കി. പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നും തണുപ്പ് വല്ലാതെ അനുഭവപ്പെട്ടിരുന്നു. അതുകൊണ്ട് അവിടന്ന് കസ്തൂരി തിന്നാറുണ്ടായിരുന്നു. ഇത് നാട്ടുവൈദ്യന്മാരുടെ ചികിത്സയാണ്. കസ്തൂരി തിന്നുന്നതുകൊണ്ട് തണുപ്പ് അകലുന്നതാണ്. അത് കുപ്പിയിൽ നിറച്ച് പോക്കറ്റിൽ സൂക്ഷിക്കുകയും ആവശ്യം വരുമ്പോൾ ഉപയോഗിക്കുകയും ചെയ്യുമായിരുന്നു. പോക്കറ്റിൽ വെക്കാവുന്ന ചെറിയകുപ്പി കസ്തൂരി രണ്ടു വർഷംവരെ ഉപയോഗിക്കാമെന്ന് പറയാറുണ്ടായിരുന്നു. പക്ഷേ. കസ്തൂരി അല്പം മാത്രമേ ബാക്കിയുള്ളുവെന്ന് തോന്നുന്നുകയും അത് നോക്കുകയും ചെയ്യുമ്പോൾ തീർന്നു കഴിഞ്ഞിട്ടുണ്ടാകും. നോക്കാത്തിടത്തോളം കാലം തിന്നുകൊണ്ടേയിരിക്കും. പറഞ്ഞു: കുറച്ചു കാലത്തിനുശേഷം തീർന്നിരിക്കുന്നതായി ഞാൻ കാണുമ്പോൾ അതിൽ ബർക്കത്ത് ഉണ്ടായിക്കൊണ്ടേയിരിക്കുമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു, 'അല്ലാഹു തന്റെ ദാസർക്ക് അദൃശ്യത്തിൽനിന്ന് രിസ്ഖ് അയച്ചുകൊടുക്കുന്നു. രിസ്ഖ് അയക്കുന്ന അവന്റെ രീതി ആശ്ചര്യകരമാണ്. ഒരിക്കലും ശൂന്യമാകാത്ത ഖജനാവിന്റെ ഉടമസ്ഥനോടു നിങ്ങൾ ചോദിക്കുക. നിങ്ങളുടെ നിത്യജീവിതത്തിനുള്ള വക വർധിപ്പിക്കാൻ കഴിവില്ലാത്ത അഞ്ചുമനോടു എന്തിനാണ് ചോദിക്കുന്നത്? നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുന്നവരാകുക. അല്ലാഹുവിനെ ആരാധിക്കുക. അല്ലാഹു അദൃശ്യത്തിൽനിന്ന് നിങ്ങൾക്ക് രിസ്ഖ് അയക്കുന്നതാണ്. അവനോടു ചോദിക്കുക. അതുകൊണ്ട് അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കേണ്ടതാണ്. അവനിൽ കൂടുതൽ തവക്കുൽ ചെയ്യേണ്ട ആവശ്യമുണ്ട്. നിങ്ങളുടെ ആവശ്യങ്ങൾ നിറവേറാൻ അവിടേയും ഇവിടേയും നോക്കുന്നതിന് പകരം അവനിലേക്ക് കുനിയേണ്ട ആവശ്യമാണുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഖാദിയാനോടുള്ള സ്നേഹത്തെകുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നുണ്ട്. എങ്ങനെയുള്ള സ്നേഹമായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായിരുന്നത്. എങ്ങനെയായിരുന്നു അദ്ദേഹം ഖാദിയാനെ നോക്കിക്കണ്ടിരുന്നത്. അവിടന്നു പറയുന്നു: ഏതൊരു സ്ഥലങ്ങളുമായിട്ടാണോ അല്ലാഹുവിന് ബന്ധമുണ്ടാകുന്നത് അത് എന്നെന്നേക്കുമായി അനുഗൃഹീതമാക്കപ്പെടുന്നു. ഖാദിയാനും അത്തരമൊരു സ്ഥലമാണ്. ഇവിടെ അല്ലാഹു തിരഞ്ഞെടുത്ത ഒരാൾ നിയമിതനായി. അദ്ദേഹം ഇവിടെത്തന്നെ തന്റെ മുഴുവൻ ആയുസ്സും ചെലവഴിച്ചു. ഈ സ്ഥലത്തെ അദ്ദേഹം സ്നേഹിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവസാന നാളുകളിൽ ലാഹോറിൽ പോയി. അവിടെ വഫാത്തായി. ഒരുദിവസം ഒരു മുറിയിൽ വിളിച്ചിട്ട് എന്നോടു പറഞ്ഞു,'മഹ്മൂദേ! ഈ വെയിൽ മഞ്ഞ നിറമുള്ളതായി തോന്നുന്നില്ലേ?'ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, എനിക്കത് എന്നും കാണുന്നതുപോലെയെ തോന്നിയിരുന്നുള്ളു. ഞാൻ പറഞ്ഞു, ഇല്ല! എന്നും കാണുന്നതുപോലെതന്നെയാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'അല്ല! ഇവിടത്തെ വെയിൽ കുറച്ച് മഞ്ഞനിറമുള്ളതും മങ്ങിയതുമാണ്. ഖാദിയാനിലെ വെയിൽ വളരെ നിർമലവും മനോഹരവുമാണ്.'കാരണം ആ മഹാത്മാവ് ഖാദിയാനിൽത്തന്നെ മറവടക്കപ്പെടണമായിരുന്നു. അതുകൊണ്ടാണ് ഖാദിയാനോടുള്ള അവിടത്തെ സ്നേഹവും പ്രേമവും വെളിവാകുന്ന വിധത്തിലുള്ള ഒരു കാര്യം പറഞ്ഞത്.

പിന്നീട് തന്റെ ഒരു സംഭവം വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്താകുന്നതിന് കുറച്ചുകാലം മുമ്പേ എനിക്ക് ഒരു കുതിരയെ വാങ്ങിത്തന്നു. വാസ്തവത്തിൽ അത് വാങ്ങിയതല്ല സമ്മാനമായി ലഭിച്ചതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ-ആ മഹാത്മാവിന്റെ വേർപാട് ഞങ്ങളുടെ ചെലവുകളേയും ബാധിക്കുമെന്നത് ഉറപ്പായിരുന്നു-കുതിരയെ വില്ക്കാമെന്ന് ഞാൻ തീരുമാനിച്ചു. ഈ കുതിര ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സമ്മാനമാണ് അതുകൊണ്ട് ഒരിക്കലും വിൽക്കരുതെന്ന് ഏതോ സ്നേഹിതൻ പറഞ്ഞയച്ചു. എന്നോട് ഇത് പറയപ്പെട്ടപ്പോൾ പെട്ടെന്ന് എന്റെ നാവിൽ വന്ന വാക്കുകൾ ഇതായിരുന്നു: ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സമ്മാനമാണെന്നത് ശരിതന്നെ. എന്നാൽ, ഇതിനെക്കാൾ വലിയ സമ്മാനം ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനാണ്. ഞാൻ കുതിരക്കുവേണ്ടി ഉമ്മുൽ മുഅ്മിനീനെ ബുദ്ധിമുട്ടിലകപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ ഞാൻ കുതിരയെ വിറ്റു.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തും തന്റെ അവസ്ഥയും വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഒരു സ്ഥലത്ത് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായപ്പോൾ അദ്ദേഹം അകാലത്തിൽ വഫാത്തായി എന്ന് മനസ്സിലാക്കപ്പെട്ടിരുന്നു. പക്ഷേ, എനിക്ക് ആദ്യംമുതലേ അതിനെ സംബന്ധിച്ച് വലിയ വിപ്ലവം വരാൻ പോകുന്നു എന്ന് തോന്നുംവിധമുള്ള ചില കാര്യങ്ങൾ മനസ്സിലായിരുന്നു. ഉദാഹരണത്തിന് ഞാൻ സ്വപ്നത്തിൽ കണ്ടു: 'ഞാൻ ബിഹിശ്തി മഖ്ബറയിൽനിന്ന് വഞ്ചിയിൽ വരികയാണ്. വഴിയിൽ വെള്ളത്തിന്റെ ശക്തമായ ഒഴുക്കുകൊണ്ട് ചുഴി ഉണ്ടായി. വഞ്ചി അപകടത്തിലായി. വഞ്ചിയിലിരുന്ന എല്ലാവരും ഭയപ്പെട്ടു. അവരുടെ ഈ അവസ്ഥ നിരാശവരെ എത്തിയപ്പോൾ വെള്ളത്തിൽനിന്ന് ഒരു കൈ ഉയർന്നുവന്നു. അതിൽ ഒരു ലിഖിതമുണ്ടായിരുന്നു. ഇവിടെ ഒരു പീർസാഹിബിന്റെ ഖബ്റുണ്ട്, അദ്ദേഹത്തോട് അപേക്ഷിച്ചാൽ വഞ്ചി രക്ഷപ്പെടുമെന്ന് എഴുതിയിരുന്നു. ഞാൻ പറഞ്ഞു, 'ഇത് ശിർക്കാണ്. നമ്മുടെ ജീവൻപോയാൽതന്നെയും നാം അത് ചെയ്യുകയില്ല. ഇത്രയുമായപ്പോൾ അപകടത്തിന് ആക്കം കൂടി. കൂടെയുണ്ടായിരുന്നവരിൽ ചിലർ പറഞ്ഞു, അങ്ങനെ പ്രാർഥിച്ചാൽ എന്താണ് കുഴപ്പം? അവർ പീർ സാഹിബിന് കത്തെഴുതി. ഞാൻ അറിയാതെ വെള്ളത്തിലിട്ടു. സ്വപ്നത്തിൽ ഈ ദൃശ്യമാണ് കാണാൻ കഴിഞ്ഞത്. ഞാനറിഞ്ഞപ്പോൾ ആ കത്ത് പെട്ടെന്ന് വെള്ളത്തിൽ ചാടി എടുത്തു. ഞാൻ അങ്ങനെ ചെയ്തപ്പോൾ വഞ്ചി ചലിക്കാൻ തുടങ്ങി. അപകടമൊന്നും ഉണ്ടായില്ല. എല്ലാ അപകടവും ഒഴിഞ്ഞുപോയി. പറയുന്നു: ഹദ്റത്ത് സാഹിബ് വഫാത്തായി. ആ സമയത്ത് അല്ലാഹു എന്റെ മനസ്സിന് കരുത്ത് നല്കി. ഇപ്പോൾ ഞങ്ങളിൽ വളരെ വലിയ ഉത്തരവാദം വന്നു ഭവി

ച്ചിരിക്കുന്നുവെന്നുള്ള വിചാരം എനിക്കുണ്ടായി. ഞാൻ ആ സമയത്ത് പ്രതിജ്ഞ ചെയ്തു: ഇലാഹീ! ഞാൻ നിന്റെ മസീഹ് മൗഊദിന്റെ മയ്യിത്തിന്നടുത്തുനിന്ന് 'ഈ ജോലി ചെയ്യുന്നതിനുവേണ്ടി ലോകത്ത് ഒരാൾപോലും ഇല്ലെങ്കിലും ഞാൻ ചെയ്തുകൊണ്ടിരിക്കും' എന്ന് പ്രതിജ്ഞ ചെയ്തു കൊള്ളുന്നു. ആ സമയത്ത് വിവരണാതീതമായ ഒരു ശക്തി എന്നിൽ വന്നു ഭവിച്ചു. എന്റെ ആ പ്രതിജ്ഞതന്നെയാണ് ഇന്നുവരെ എന്നെ ശക്തമായ നിലയിൽ എന്റെ തീരുമാനങ്ങളിൽ ഉറപ്പിച്ചു നിറുത്തിയിട്ടുള്ളത്. അതായത് എതിർപ്പിന്റെ നൂറുക്കണക്കിന് കൊടുങ്കാറ്റ് എനിക്കെതിരിൽ പൊന്തിവന്നു. എന്നാൽ, ഈ പാറയുമായി കൂട്ടിമുട്ടി സ്വന്തം തല പൊളിച്ചു.

അതുകൊണ്ട് നമ്മുടെ ജമാഅത്തിലെ ഓരോ വ്യക്തിയും ദീനിന്റെ ജോലി താൻതന്നെ ചെയ്യുമെന്ന് പ്രതിജ്ഞ എടുക്കേണ്ടതാണ്. ഈ പ്രതിജ്ഞയ്ക്കുശേഷം അവരുടെ ഉള്ളിൽ ഉണർവ്വുണ്ടാകുന്നതാണ്. എല്ലാ പ്രയാസങ്ങളും അവർക്ക് എളുപ്പമുള്ളതായിത്തീരുന്നതാണ്. എല്ലാ ഞെരുക്കവും അവർക്ക് സൗഖ്യമായി മാറുന്നതാണ്. അവർക്ക് ചില ബുദ്ധിമുട്ടുകളും വിഷമങ്ങളും ദുരിതങ്ങളും ഉണ്ടാകുമെന്നത് ശരിതന്നെ. എന്നാൽ, അവർ അതിലെല്ലാം സുഖം അനുഭവിക്കുന്നതാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു റസൂൽ കരീം(സ) നോടു പറയുന്നു, ദീനിന്റെ പരിപൂർത്തീകരണത്തിന് താങ്കൾ മാത്രമാണ് എന്റെ സംബോധകൻ. താങ്കളുടെ സ്വഹാബാക്കൾ ഇതിൽ പങ്കെടുക്കട്ടെ. പങ്കെടുക്കാതിരിക്കട്ടെ. പക്ഷേ, താങ്കളെക്കൊണ്ട് എന്തായാലും ഞാൻ പണി എടുപ്പിക്കുക തന്നെ ചെയ്യും. ഇക്കാരണത്താലായിരുന്നു, അവിടന്ന് രാപകൽ ആ ജോലിയിൽ വ്യാപൃതനായിരുന്നത്. അവിടത്തെ എല്ലാ അനക്കങ്ങളും അവിടത്തെ എല്ലാ അടക്കങ്ങളും അവിടത്തെ എല്ലാ വാക്കുകളും എല്ലാ കർമങ്ങളും അല്ലാഹുവിന്റെ ദീനിനെ ദുൻയാവിൽ സ്ഥാപിക്കുന്നതിനുവേണ്ടി അർപിതമായിരുന്നു. തന്റെ ജോലിതന്നെയാണതെന്നും മറ്റാരുടേതുമല്ലെന്നുമുള്ള കാര്യം അവിടന്ന് മനസ്സിലാക്കിയിരുന്നു. ഇതാണ് സുന്നത്ത്. ഇതിനെ നാം സ്വയത്തമാക്കേണ്ടി വരും.

മൂന്നു ബില്യൺ ജനങ്ങളുണ്ട്. എല്ലാവർക്കും ഏകനായ അല്ലാഹുവിന്റെ സന്ദേശം എത്തിക്കേണ്ടതാണ്. അവരെ മുഹമ്മദു റസൂലുല്ലായുടെ അനുസരണത്തിൽ ചേർക്കേണ്ടത് അഹ്മദിയ്യാ ജമാഅത്തിന്റെ നിർബന്ധ കടമയാണ്. ഇതു നമ്മുടെ മുമ്പിലുള്ള വളരെ വലിയ ജോലിയാണ്. നമ്മുടെ ബലഹീനമായ തോളിൽ ഇടപ്പെട്ടിട്ടുള്ള വലിയ ഭാരമാണ്. ഇത്ര പ്രധാനപ്പെട്ട ജോലിയിൽ അല്ലാഹുവിന്റെ അമാനുഷികമായ തുണയും സഹായുമില്ലാതെ നമുക്ക് ജയിക്കാൻ മറ്റൊരു വഴിയുമില്ല. നാം അവന്റെ വിനയരും ഒന്നിനും കഴിവില്ലാത്തവരുമായ ദാസരാണ്. നമ്മുടെ ഒരു ജോലിയും അവന്റെ ഫള്ലുകൂടാതെ ഫലപ്രദമാകുകയില്ല. അതുകൊണ്ട് അവന്റെ ഫള്ലുകളെ ആകർഷിച്ചെടുക്കാൻ നമുക്ക് കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തലക്കുംഭാഗത്തുനിന്നുകൊണ്ട് അവിടന്ന് ചെയ്ത പ്രതിജ്ഞ നമ്മൾ എല്ലാവരിൽനിന്നും ഉണ്ടാകണം. കാരണം അതിൽനിന്നാണ് നമുക്ക് അഭിവൃദ്ധി ഉണ്ടാകേണ്ടത്. ഇതിലാണ് നമുക്ക് ജമാഅത്തിന്റെ കർമനിരതമായ ഭാഗമാകാൻ കഴിയുന്നത്. കാരണം ഇത് അല്ലാഹുവിന്റെ ജോലിയാണ്. വാസ്തവത്തിൽ ഇത് അല്ലാഹുവിൽനിന്നുള്ളതാണ്. ശിർക്കിൽ നിന്നും അകന്നിരിക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷന്റെ പൂർത്തീകരണത്തിനായി പൂർണമായും പ്രവർത്തിക്കുമെന്നും ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ പതാക പറത്തുമെന്ന് അല്ലാഹുവിനോട് നമ്മൾ ചെയ്തിട്ടുള്ള പ്രതിജ്ഞയും പൂർത്തിയാക്കുമെന്നും നമ്മളിൽ ഓരോരുത്തരും പ്രതിജ്ഞ ചെയ്യേണ്ടതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 22.05.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala